# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം

നമ്പർ : 2986. 21..6..2013-ൽ മറുപടിക്ക്

## ക്ഷീരകർഷക പെൻഷൻ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ബി. സത്യൻ: | ശ്രീ. കെ.സി. ജോസഫ്.<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| (എ) ക്ഷീരകർഷക പെൻഷൻ ലഭിക്കാൻ അർഹത നിശ്ചയിക്കുന്ന മാനദണ്ഡം വിശദമാക്കാമോ; | (എ) കേരള ക്ഷീരകർഷക ക്ഷേമനിധി നിയമം വകുപ്പ് 3(4) പ്രകാരമാണ് പെൻഷൻ അനുവദിക്കുന്നത്. "2007 ഏപ്രിൽ 13"-ലെ കേരള ക്ഷീരകർഷക ക്ഷേമനിധി നിയമ പ്രകാരം ഒരാൾ ക്ഷേമനിധിയിൽ അംഗമായ ശേഷം അഞ്ചു വർഷമെങ്കിലും കുറഞ്ഞത് അഞ്ഞൂറ് ലിറ്റർ പാൽ പ്രതിവർഷം സംഘത്തിൽ അളക്കുകയും, അറുപത് വയസ്സ് പൂർത്തിയാക്കുകയും ചെയ്താൽ പെൻഷന് അർഹത ഉണ്ടായിരിക്കുന്നതാണ്. 2007 ഏപ്രിൽ 13-ലെ കേരള ക്ഷീരകർഷക ക്ഷേമനിധി നിയമം നിലവിൽ വരുന്നതിനു മുമ്പ് ക്ഷേമനിധിയിൽ അംഗമായ ഏതൊരാളിനും അയാൾ സംഘത്തിൽ അംഗമായി അഞ്ചു വർഷമെങ്കിലും കുറഞ്ഞത് അഞ്ഞൂറ് ലിറ്റർ പാൽ പ്രതിവർഷം സംഘത്തിൽ അളക്കുകയും, അറുപത് വയസ്സ് പൂർത്തിയാക്കുകയും ചെയ്താൽ പെൻഷന് അർഹത ഉണ്ടായിരി ക്കുന്നതാണ്.<br>കൂടാതെ വകുപ്പ് 3(4)(എ) പ്രകാരം ക്ഷേമനിധിയിൽ അംഗമായ ക്ഷീരകർഷകൻ അഞ്ച് വർഷമെങ്കിലും കുറഞ്ഞത് അഞ്ഞൂറു ലിറ്റർ പാൽ പ്രതിവർഷം സംഘത്തിൽ അളക്കുകയും ശാരീരിക അവശത മൂലം കന്നുകാലി വളർത്തലിൽ ഏർപ്പെടാൻ കഴിയാതാവുകയും ചെയ്താൽ ആ ആൾക്ക് പെൻഷൻ നല്കുന്നതാണ്. |
| (ബി) നിലവിൽ ക്ഷീരകർഷകർക്ക് ലഭിക്കുന്ന പെൻഷൻ തുക കുറവാണെന്നുള്ള വിവരം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (ബി) ഉണ്ട്. |
| (സി) പ്രസ്തുത തുക വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ? | (സി) പെൻഷൻ തുക വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ.